(ബി) കാലാകാലങ്ങളിൽ നടത്തുന്ന സെൻസസിൽ വരയാടുകളുടെ എണ്ണത്തിൽ ഏറ്റക്കുറച്ചിലുകൾ കണ്ടുവരുന്നു.

(സി) പ്രസ്തുത മേഖലകളിൽ വേട്ട നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത മേഖലകളിലെ വരയാടുകൾ സ്റ്റബിലൈസ് ചെയ്ത കൂട്ടങ്ങളാണെന്ന് അനുമാനിക്കുന്നു. ആവാസ വ്യവസ്ഥയിലെ സ്വാഭാവികമായ മറ്റു മൃഗങ്ങളുടെ വേട്ടയാടൽ, തീറ്റ ലഭ്യത എന്നീ ഘടകങ്ങളാണ് ഇവയുടെ ഏറ്റക്കുറച്ചിലിനുള്ള കാരണങ്ങൾ.

വരൾച്ച ദുരിതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ള വിതരണ പദ്ധതികൾ

75 [3939] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ കഴിഞ്ഞ മൂന്ന് വർഷക്കാലം വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഏതെല്ലാം കുടിവെള്ള വിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും ചെലവഴിച്ച തുക എത്ര വീതമാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ പൂർത്തിയാക്കപ്പെടാതെ ഏതെങ്കിലും അവശേഷിക്കുന്നുണ്ടോ;

(സി) ഈ വർഷം വരൾച്ചാ ദുരിതാശ്വാസ പദ്ധതി പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തേണ്ട പദ്ധതികളുടെ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവ എത്രയും വേഗം നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി കഴിഞ്ഞ 3 വർഷക്കാലമായി നടപ്പിലാക്കിയിട്ടുള്ള കുടിവെള്ള വിതരണ പദ്ധതികളും അവയ്ക്ക് ചെലവഴിച്ച തുകയും അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) വടക്കാഞ്ചേരി ശുദ്ധജല പദ്ധതിയുടെ കിണറിന്റെ പണികൾ നടന്നു കൊണ്ടിരിക്കുന്നു. മറ്റെല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) വരൾച്ചാ ദുരിതാശ്വാസ ഫണ്ട് ലഭ്യമാകുന്നതനുസരിച്ച് യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - III

[30-3-2005-ലെ ചോദ്യം നമ്പർ 75 (3939)-ന്റെ ഉത്തരം ദയവായി കാണുക]

പദ്ധതിയുടെ പേര്	*ചെലവഴിച്ച തുക*
ചേലക്കര നിയോജക മണ്ഡലത്തിൽ 2002-മാണ്ടിൽ, വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി പദ്ധതികൾ ഒന്നും നടപ്പാക്കിയിട്ടില്ല.	
വർഷം 2003	
1. പൈപ്പ് ലൈൻ നീട്ടൽ—കുറ്റിക്കാട്ട് കോളനി ജംഗ്ഷൻ വരെ ചേലക്കര പഞ്ചായത്ത്	49,371 രൂപ
2. പൈപ്പ് ലൈൻ നീട്ടൽ—കീഴത്തൂറ റോഡ്	29,576 രൂപ
3. പുനരുദ്ധാരണ പദ്ധതി (RWSS)—കൊണ്ടാഴി പഞ്ചായത്ത്	29,880 രൂപ
4. പുനരുദ്ധാരണ പദ്ധതി—ശുദ്ധജലവിതരണ പദ്ധതി ഏലത്തുപുര, ചേലക്കര പഞ്ചായത്ത്	29,812 രൂപ
5. മല്ലേശ്വരം ശുദ്ധജലവിതരണ പദ്ധതി—നിലവിലുള്ള പൈപ്പ് ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കൽ	31,926 രൂപ
6. പൈപ്പ് ലൈൻ നീട്ടൽ—എരവത്തൊടി—തിരുവിലാമല പഞ്ചായത്ത്	47,841 രൂപ
7. പൈപ്പ് ലൈൻ നീട്ടൽ—നമ്പുള്ളിക്കുന്ന് വള്ളത്തോൾ നഗർ പഞ്ചായത്ത്	47,841 രൂപ
8. പഴയ പൈപ്പ് ലൈനുകൾ മാറ്റി പുതിയത് സ്ഥാപിക്കൽ—മലവട്ടം-തിരുവിലാമല പഞ്ചായത്ത്	42,052 രൂപ
9. പൈപ്പ് ലൈനുകളുടെ അറ്റകുറ്റപ്പണികൾ—കിഴക്കുംമുറി, നരിമട, അന്തിമഹാകാളൻ റോഡ്-തേന്നൂർക്കര-ചേലക്കര	80,101 രൂപ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയുടെ പേര്	ചെലവഴിച്ച തുക
വർഷം 2004	
1. വിതരണ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്ന പദ്ധതികൾ—ചേലക്കര പഞ്ചായത്ത്	50,000 രൂപ
2. പഴയ പൈപ്പ് ലൈനുകൾ മാറ്റി പുതിയ പൈപ്പുകൾ ഇടുന്ന പദ്ധതി—ഏഴരക്കുന്ന് പദ്ധതി-ചേലക്കര പഞ്ചായത്ത്	1,20,000 രൂപ
3. പൈപ്പ് ലൈൻ നീട്ടുന്ന പണികൾ—പട്ടാണിപ്പറമ്പ് ലക്ഷം വീട് കോളനി-ചേലക്കര പഞ്ചായത്ത്	50,000 രൂപ
4. പൈപ്പ് ലൈൻ നീട്ടുന്ന പണികൾ—മുപ്പത്തറ കോളനി-ചേലക്കര പഞ്ചായത്ത്	50,000 രൂപ
5. പൈപ്പ് ലൈൻ നീട്ടുന്ന പണികൾ—കുറുമല പടിഞ്ഞാട്ടുമുറി-ചേലക്കര പഞ്ചായത്ത്	50,000 രൂപ
6. കുഴൽ കിണറുകൾ അറ്റകുറ്റപ്പണി—തിരുവിലാമല പഞ്ചായത്ത്	30,000 രൂപ
7. കേടുവന്ന പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കൽ—തിരുവിലാമല പഞ്ചായത്ത്-2-ാം വാർഡ്	25,000 രൂപ
8. കേടുവന്ന പൈപ്പുകൾ മാറ്റി പുതിയത് സ്ഥാപിക്കുകയും പൈപ്പ് ലൈനുകൾ നീട്ടുകയും ചെയ്യുന്ന പണികൾ—തിരുവിലാമല പഞ്ചായത്ത്	2,00,000 രൂപ
9. പൈപ്പ് ലൈൻ നീട്ടൽ വാർഡ്-3—വള്ളത്തോൾ നഗർ പഞ്ചായത്ത്	25,000 രൂപ
10. കുഴൽ കിണറുകളുടെ അറ്റകുറ്റപ്പണികൾ—വള്ളത്തോൾ നഗർ പഞ്ചായത്ത്	30,000 രൂപ
11. കുഴൽ കിണറുകളുടെ അറ്റകുറ്റപ്പണികൾ—വള്ളത്തോൾ നഗർ പഞ്ചായത്ത്-പുതുശ്ശേരി	10,000 രൂപ
12. പൈപ്പ് ലൈനുകൾ നീട്ടുന്ന പണികൾ—സ്വരാജ് തിയേറ്റർ-വള്ളത്തോൾ നഗർ പഞ്ചായത്ത്	25,000 രൂപ
13. പൈപ്പ് ലൈനുകൾ നീട്ടുന്ന പണികൾ—വാഗപ്പാറ കോളനി-മുള്ളൂർക്കര പഞ്ചായത്ത്	1,00,000 രൂപ

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതിയുടെ പേര്	ചെലവഴിച്ച തുക
14. പൈപ്പ് ലൈനുകൾ നീട്ടുന്ന പണികൾ— രാമൻചിറ-വരവൂർ പഞ്ചായത്ത്	50,000 രൂപ
15. പൈപ്പ് ലൈനുകൾ നീട്ടുന്ന പണികൾ— നെട്ടൂർ കോളനി-വരവൂർ പഞ്ചായത്ത്	50,000 രൂപ
16. മായന്നൂർ ശുദ്ധജലവിതരണ പദ്ധതിയിൽ കിണറ്റിലെ ചെളിയും മണലും നീക്കുന്ന പദ്ധതി	40,000 രൂപ
17. വീട്ടിക്കുന്ന് പദ്ധതിയിൽ കിണറ്റിലെ ചെളിയും മണലും നീക്കുന്ന പ്രവൃത്തി	40,000 രൂപ
18. കുത്താംപുള്ളി പദ്ധതിയിൽ കിണറ്റിലെ ചെളിയും മണലും നീക്കുന്ന പ്രവൃത്തി	40,000 രൂപ
19. ചെറുതുരുത്തി പദ്ധതിയിൽ കിണറ്റിലെ ചെളിയും മണലും നീക്കുന്ന പ്രവൃത്തി	50,000 രൂപ
20. ദേശമംഗലം പദ്ധതിയിൽ കിണറ്റിലെ ചെളിയും മണലും നീക്കുന്ന പ്രവൃത്തി	50,000 രൂപ
21. പഞ്ഞാൾ ശുദ്ധജലവിതരണ പദ്ധതി പൈപ്പു ലൈനുകൾ കൂട്ടിച്ചേർക്കുന്ന പണികൾ— കിള്ളിമംഗലം പഞ്ചായത്ത്	1,00,000 രൂപ
22. കുഴൽ കിണറുകൾ കുഴിക്കുന്ന പണികൾ പാമ്പാടി പമ്പ് ഹൗസ്	1,00,000 രൂപ
23. പൈപ്പുലൈനുകൾ നീട്ടുന്ന പണികൾ വിവിധ വാർഡുകളിൽ-ദേശമംഗലം പഞ്ചായത്ത്	3,50,620 രൂപ
24. അഡീഷണൽ പൈപ്പ് ലൈനുകൾ സ്ഥാപിക്കൽ— മഞ്ഞേരിക്കടവ്-ചെറുതുരുത്തി പഞ്ചായത്ത്	1,80,875 രൂപ
25. പുനരുദ്ധാരണ പണികൾ, പാമ്പാടി പദ്ധതിയിൽ അറ്റകുറ്റപ്പണികൾ, ഫിൽറ്റർ മീഡിയ മാറ്റിയിടുന്ന പണി	6,50,506 രൂപ

LIBRARY ARCHIVES Kerala Legislative Assembly